പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4764 18.12.2014-ലെ മറുപടിക്ക്**

**മിച്ചഭൂമി ഉള്ളവർക്ക് പട്ടയം**

| ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | മറുപടി<br>ശ്രീ.അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരള നിയമസഭ 17.7.14-ന് പാസ്സാക്കിയ ഭൂപരിഷ്കരണ ഭേദഗതി നിയമമനുസരിച്ച് മിച്ചഭൂമി ആണെന്നറിയാതെ വാങ്ങി കൈവശം വയ്ക്കുന്ന നാല് ഏക്കർവരെ ഭൂമിയുടെ പട്ടയം ലഭിക്കാൻ അർഹതയുള്ളവർ എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കാമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്നത് മുതൽ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം, 2005 പ്രാബല്യത്തിൽ വന്നതുവരെയുള്ള കാലയളവിൽ മിച്ചഭൂമിയാണ് എന്നറിയാതെ ജന്മിമാരിൽ നിന്നും വില നൽകി വാങ്ങിയതോ മറ്റ് വിധത്തിലോ നാല് ഏക്കർ ഭൂമി വരെ കൈവശം വച്ചുവരുന്നവരെ കുടിയാനായി കണക്കാക്കുന്നതിനായിട്ടാണ് കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ല്-2013 ലൂടെ ലക്ഷ്യമിടുന്നത്. ടി ബില്ല് കേരള നിയമസഭ പാസാക്കിയിട്ടുണ്ട്. ആയത് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.<br><br>പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം ടി നിയമത്തിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>നിയമം പ്രാബല്യത്തിൽ വരുന്ന തീയതിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ പട്ടയം ലഭിക്കാൻ അർഹതയുള്ളവരുടെ എണ്ണവും സർക്കാരിന് ലഭിക്കുന്ന മിച്ചഭൂമിയുടെ കണക്കും ലഭ്യമാകുകയുള്ളൂ. |
| (ബി) | ഭൂപരിഷ്കരണ ആക്ട് നിലവിൽ വന്ന 1963 നും ഭേദഗതി നിലവിൽ വന്ന 2005 നും ഇടയിൽ വിലകൊടുത്ത് വാങ്ങിയോ അല്ലാതെയോ സ്വന്തമാക്കിയ മിച്ചഭൂമി എത്രയാണെന്ന കണക്കുകൾ ലഭ്യമാണോ; | (ബി) | |
| (സി) | നാല് ഏക്കറിന് കൂടുതൽ ഇപ്രകാരം കൈവശം വച്ച് വന്നവരിൽ നിന്നും നിയമം നിലവിൽ വന്നതിനുശേഷം എത്ര ഏക്കർ ഭൂമി മിച്ചഭൂമിയായി ലഭിച്ചിട്ടുണ്ട്? | (സി) | |

സെക്ഷൻ ഓഫീസർ